"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ബിഇഎം ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി മൃദുല എസ്.ന്റെ നിയമനം നിരസിച്ചതിനെതിരെ സ്കൂൾ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5314/2022/GEDN തീയതി,തിരുവനന്തപുരം, 05-09-2022

---

പരാമർശം:-

1. പാലക്കാട് ബിഇഎം ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജരുടെ 22/02/2022-ലെ പുന:പരിശോധനാ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/05/2022-ലെ ഡിജിഇ/5130/2022/ഇഎം.1 നമ്പർ കത്ത്.
3. 22/8/2022 ലെ സ.ഉ(സാധാ.)നം.5050/2022/പൊ.വി.വ ഉത്തരവ്

**<u>ഉത്തരവ്</u>**

പാലക്കാട് ബിഇഎം ഹൈസ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി സൂസമ്മ തോമസിന്റെ സേവനം 25/1/2012 തീയതിയിൽ അവസാനിപ്പിച്ചതു വഴിയുണ്ടായ ഒഴിവിൽ ശ്രീമതി മൃദുല എസ്.നെ 12/6/2018 മുതൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിച്ചു. ശ്രീമതിമാർ ബിൻസി ജോർജ്, ലൈച്ചു മെറിൻ ചാക്കോ, സിൻസി ഐസക്ക്, ഷൈനി കെ.എസ്. എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെടാത്തതിനാൽ ശ്രീമതി മൃദുലയുടെ നിയമനം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ആയതിനെതിരെ സമർപ്പിച്ച അപ്പീലുകൾ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും ടി കാരണം ചൂണ്ടിക്കാട്ടി നിരസിച്ചതിനാൽ, ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ പരാമർശം (1) പ്രകാരം സർക്കാരിൽ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയും, ആയതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. ശ്രീമതി.മൃദുല.എസ്.ന്റെ സീനിയർമാരായ ശ്രീമതിമാർ ബിൻസി ജോർജ്, ലൈച്ചു മെറിൻ ചാക്കോ, സിൻസി ഐസക്ക്, ഷൈനി.കെ.എസ്. എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെടാത്തതിനാൽ ശ്രീമതി മൃദുലയുടെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം പാലക്കാട് ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചെന്നും, മേൽപറഞ്ഞ നിയമനാർത്ഥികളിൽ ശ്രീമതി ബിൻസി ജോർജിന്റെ 2/6/2014 മുതലുള്ള നിയമനവും, ലൈച്ചു മെറിൻ ചാക്കോയുടെ നിയമനവും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയെന്നും, ശ്രീമതി സിൻസി ഐസക്കിന്റെ നിയമനം അംഗീകരിക്കുവാൻ 26/2/2022-ലെ സ.ഉ. (ആർ.ടി) 1150/2022/പൊവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ നിയമന അപേക്ഷ പാലക്കാട് ജില്ലാവിദ്യാഭ്യാസ ആഫീസർ കൈകാര്യം ചെയ്തു വരുന്നു എന്നും

ശ്രീമതി ഷൈനി കെ.എസ്.ന്റെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, ആയതിൻമേലുള്ള തീർപ്പിന് വിധേയമായി ശ്രീമതി എസ്. മൃദുലയുടെ നിയമന കാര്യത്തിൽ തീർപ്പ് കൽപ്പിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി സൂസമ്മ തോമസിന്റെ സേവനം 25/1/2012 തീയതിയിൽ അവസാനിപ്പിച്ചതു വഴിയുണ്ടായ സ്ഥിരം ഒഴിവിലാണ് ശ്രീമതി മൃദുല എസ്.നെ 12/6/2018 മുതൽ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി നിയമിച്ചത്. നിയമനം നിരസിക്കാനുണ്ടായ കാരണം, ടി മാനേജ്മെന്റിന്റെ അധീനതയിലുള്ള സ്കൂളുകളിൽ ടിയാളെക്കാൾ സീനിയർമാരായ ശ്രീമതിമാർ ബിൻസി ജോർജ്, ലൈച്ച മെറിൻ ചാക്കോ, സിൻസി ഐസക്ക്, ഷൈനി കെ.എസ്. എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കപ്പെടാത്തതിനാലാണ്. ഇതിൽ ശ്രീമതി ബിൻസി ജോർജിന്റെ 2/6/2014 മുതലുള്ള നിയമനവും, ലൈച്ച മെറിൻ ചാക്കോയുടെ നിയമനവും, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച നൽകിയിട്ടുണ്ട്. ശ്രീമതി സിൻസി ഐസക്കിന്റെ നിയമനം അംഗീകരിക്കുവാൻ 26/2/2022-ലെ സ.ഉ. (ആർ.ടി.)1150/2022/പൊവിവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ശ്രീമതി ഷൈനി കെ.എസ്.ന്റെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം അംഗീകരിയ്ക്കുന്നതിനായി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാ ഹർജിയിന്മേൽ, സീനിയറായ ശ്രീമതി സിൻസി ഐസക്കിന്റെ 8/7/2016 മുതലുള്ള നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക്, അംഗീകരിച്ച് നൽകുന്നതിന് പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, സീനിയർമാരായ ശ്രീമതിമാർ ബിൻസി ജോർജ്, ലൈച്ച മെറിൻ ചാക്കോ, സിൻസി ഐസക്ക് എന്നിവരുടെ നിയമനം അംഗീകരിച്ചതിനാലും, ശ്രീമതി ഷൈനി കെ.എസ്.ന്റെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം അംഗീകരിയ്ക്കുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാലും, ശ്രീമതി മൃദുലയുടെ 15/10/2018 മുതൽക്കുള്ള അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം ടിയാൾ മറ്റെല്ലാ വിധത്തിലും യോഗ്യയെങ്കിലും ടിയാളെ നിലനിർത്താനാവശ്യമായ തസ്തികയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാണെങ്കിലും, ശ്രീമതി ഷൈനി കെ.എസ്.ന്റെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം അംഗീകരിയ്ക്കുന്ന മുറയ്ക്ക് അംഗീകരിച്ച് നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.

കോർപ്പറേറ്റ് മാനേജർ, ബിഇഎം ഹൈസ്കൂൾ, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 13-09-2022 15:13:10**

സെക്ഷൻ ഓഫീസർ